## കാറ്റഗറി നമ്പർ : 714/2023

താഴെ പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി **ഒറ്റത്തവണ രജിസ്ട്രേഷൻ** പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | വകുപ്പ് | : | **എൻ.സി.സി/സൈനികക്ഷേമം** |
| 2. | ഉദ്യോഗപ്പേര് | : | **എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് (വിമുക്തഭടന്മാർക്ക് മാത്രം)** |
| 3. | ശമ്പളം | : | **₹ 26500-60700/-** |
| 4. | ഒഴിവുകളുടെ എണ്ണം | : | ജില്ലാടിസ്ഥാനത്തിൽ |

ആലപ്പുഴ-
കോട്ടയം-
ഇടുക്കി-
പാലക്കാട്-
കോഴിക്കോട്-
കാസർഗോഡ്-
} പ്രതീക്ഷിത ഒഴിവുകൾ

കുറിപ്പ്:- പ്രസ്തുത ജില്ലകളിലെ എൻ.സി.സി /സൈനിക ക്ഷേമ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ്/ക്ലർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികയുടെ കാറ്റഗറി നമ്പർ 282/2018 പ്രകാരമുള്ള റാങ്ക് പട്ടികയിൽ നിന്നും ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകൾ RPWD Act 2016 പ്രകാരം, ഈ വിജ്ഞാപന പ്രകാരം പ്രസ്തുത ജില്ലയ്ക്കായി പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ നിന്നും അതേ ഭിന്നശേഷി വിഭാഗത്തിൽ നിന്നും, അവരുടെ അഭാവത്തിൽ ഇതര ഭിന്നശേഷി വിഭാഗങ്ങളിൽ നിന്നും, അവരുടെയും അഭാവത്തിൽ പൊതു വിഭാഗത്തിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിലേക്കായി മാറ്റി വയ്ക്കുന്നതാണ്.

കുറിപ്പ്:-

(i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഈ ജില്ലകളിലെ എൻ.സി.സി/സൈനിക ക്ഷേമവകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും തയ്യാറാക്കപ്പെടുന്ന പൊതു റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതാണ്. (23-5-2001 ലെ 210/01/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് അച്ചടിച്ചത്). ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു

വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം അതേ വകുപ്പിലെ അന്തർജില്ലാ സ്ഥലംമാറ്റങ്ങളുടെ കാര്യത്തിൽ 02.12.1991-ലെ ജി.ഒ (പി) 36/1991/ഉ.ഭ.പ.വ. എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല.

(iii) ഈ ലിസ്റ്റിൽ നിന്നും ആസ്ഥാന കാര്യാലയ ഒഴിവുകളിലേക്കും നിയമന ശുപാർശ നടത്തുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്. അപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 26-9-1980 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 442/80/പൊ.ഭ.വ അനുസരിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കും. എന്നാൽ ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് വിമുക്തഭടന്മാർക്ക് മാത്രമായി നടത്തുന്നതിനാൽ ഒരു ജില്ലയിൽ നിന്ന് നിയമനം ലഭിക്കുന്നവർക്ക് 22.11.1990 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 51/90 ഉ.ഭ.പ.വ പ്രകാരം അന്തർവകുപ്പ് സ്ഥലംമാറ്റത്തിന് അർഹതയുണ്ടാരിക്കുന്നതല്ല.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 28/10/2022 തീയതിയിലെ G.O(P) No.07/2022/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ലിങ്ക്

https://www.keralapsc.gov.in/sites/default/files/inline-files/g_o__p__7_2022_sjd_dtd_28_10_2022.pdf

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിമുക്തഭടൻമാരിൽ നിന്നു മാത്രം)

6. **പ്രായപരിധി** : 18-36. ഉദ്യോഗാർത്ഥികൾ 02.01.1987-നും 01.01.2005-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തില്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടയിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് (എല്ലാ ഇളവുകളും ഉൾപ്പെടെ) കവിയാൻ പാടുള്ളതല്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന

പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) കാണുക.

7 **<u>യോഗ്യതകൾ</u>**

(1) എസ്.എസ്.എൽ.സി വിജയം അല്ലെങ്കിൽ തത്തുല്യം.

(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ).

(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും. (ടൈപ്പ്റൈറ്റിംഗിലുളള ഐ.എം.സി സർട്ടിഫിക്കറ്റ് സ്വീകാര്യമല്ല).

2002 ജനുവരി മാസത്തിനു മുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് അപേക്ഷ അയയ്ക്കുന്ന അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം. (GO(MS)No.21/11/P&ARD dtd.01.07.2011)

<u>എല്ലാ യോഗ്യതകളും അപേക്ഷ അയയ്ക്കേണ്ട അവസാനതീയതിയ്ക്ക് മുൻപ് നേടിയിരിക്കണം.</u>

വിമുക്തഭടന്മാരാണെന്ന് തെളിയിക്കുന്നതിന് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

കുറിപ്പ്:-

(i) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് തത്തുല്ല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

(ii) ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് വിമുക്തഭടൻമാർക്ക് മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യത വേണമെന്ന് നിർബന്ധമില്ല. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്.

(iii) താഴെ വിശദമാക്കിയിട്ടുള്ള തരത്തിൽ പ്രതിരോധസേനയിൽ ക്ലാർക്ക്/റൈട്ടർ തസ്തികയിൽ 15 (പതിനഞ്ച്) വർഷത്തിൽ കുറയാത്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റ് സർവ്വീസിൽ ടൈപ്പിസ്റ്റായി അപേക്ഷിക്കുന്നതിന് മതിയായ യോഗ്യതയുള്ളതായി കണക്കാക്കുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ പരീക്ഷ വിജയിക്കേണ്ടതാണ്.

(iv) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), ക്ലാർക്ക് (എ.ഒ.സി), പേഴ്സണൽ അസിസ്റ്റന്റ്, നാവിക സേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ, പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടൻമാർക്ക് കെ.ജി.ടി.ഇ ഇംഗ്ലീഷ് ലോവർ ഗ്രേഡ് യോഗ്യത ഉളളതായി പരിഗണിക്കും. . [18.5.1977 ലെ ജി.ഒ.(പി) 143/77/ജി.എ.ഡി, 6.1.1979 ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി, 30.4.1986 ലെ ജി.ഒ. (പി) നമ്പർ 143/86/ജി.എ.ഡി,]. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടേണ്ടതാണ്. പ്രതിരോധ സേനയിലെ 15 വർഷത്തെ സൈനിക സേവന കാലം യോഗ്യതയായി പരിഗണിക്കുകയാണെങ്കിൽ പ്രസ്തുത സേവനകാലം വെയിറ്റേജ് മാർക്കിന് പരിഗണിക്കുന്നതല്ല.

(v) 11-05-1977 ലെ ജി.ഒ (പി) നമ്പർ 139/77/ജി.എ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ)

യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.

(vi) ടൈപ്പ്റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

(vii) KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

(viii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ, സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : www.keralapsc.gov.in

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2013 ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനകം എടുത്ത ഫോട്ടോയാണ് അപ് ലോഡ് ചെയ്യേണ്ടത്. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

10. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **31.01.2024** ബുധനാഴ്ച രാത്രി 12 മണി വരെ .

11. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ /ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

12 **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(I) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് /ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം ii ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(iii)വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ Rules of Procedure 1976 Rule 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായ ഒരു നിശ്ചിതകാലത്തേയ്ക്കോ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ,അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈകൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി. കാർഡ് എന്നിവയുൾപ്പെടെ കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ രണ്ടാം ഭാഗത്ത് നൽകിയിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി കാണുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ